15. പഠന -വിവരണ ശേഖരണ പ്രവർത്തനം

16. ഐ.ഇ.സി/എച്ച്.ആർ.ഡി പദ്ധതി

17. ഖരമാലിന്യ പരിപാലനം.

(സി) ശുചിത്വഗ്രാമ പദ്ധതി ശുചിത്വ മിഷന്റെ സാങ്കേതിക സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനം വഴിയാണ് നടപ്പിലാക്കി വരുന്നത്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനം പദ്ധതി തയ്യാറാക്കി നൽകുന്ന മുറയ്ക്ക് സാങ്കേതിക അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേയ്ക്കായി സാമ്പത്തിക സഹായവും നൽകി വരുന്നു. പദ്ധതിയുടെ നിർവ്വഹണം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമാണ്. ഉറവിട മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷനിൽനിന്നും 2012-13 വർഷത്തിൽ 632 ഗ്രാമപഞ്ചായത്തുകൾക്കും, 34 നഗരസഭകൾക്കും 2013-14 വർഷത്തിൽ 155 ഗ്രാമപഞ്ചായത്തുകൾക്കും 8 നഗരസഭകൾക്കും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ എല്ലാം തന്നെ ശുചിത്വ കേരളം എന്ന ലക്ഷ്യത്തിലേക്ക് എത്തുന്നതിനുള്ള പ്രവർത്തനമാണ്.

പേരിൽ മാറ്റം വരുത്തുന്നതിന് നൽകിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ

274 (3561) ശ്രീ. റ്റി. യു. കുരുവിള : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനന സർട്ടിഫിക്കറ്റിലെ പേരിനൊപ്പം ഒരക്ഷരം കൂടി ചേർക്കുന്നതിന് പത്ത് വയസ്സിൽ താഴെയുള്ള കുട്ടിയുടെ രക്ഷിതാക്കൾ ആഗ്രഹിക്കുന്നുവെങ്കിൽ ഉച്ചാരണത്തിൽ വ്യത്യാസം ഇല്ലാതെ അനുവദിക്കുന്നതിന് തടസ്സം നിലനിൽക്കുന്നുണ്ടോ ;

(ബി) കുട്ടിയെ സ്കൂളിൽ ചേർത്തതിനുശേഷം പേരിൽ മാറ്റം വരുത്തുന്നതിന് രക്ഷിതാക്കൾ ആഗ്രഹിക്കുന്നുവെങ്കിൽ അതിനു നിലവിൽ നൽകിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ചീഫ് രജിസ്ട്രാറുടെ 8-12-2010-ലെ ബി1-20741/09 നമ്പർ സർക്കുലറിലെ ഖണ്ഡിക 7(6) പ്രകാരം ജനന രജിസ്റ്ററിൽ ഒരിക്കൽ പേര് ചേർത്ത് കഴിഞ്ഞാൽ അത് തിരുത്താവുന്നതല്ല. എന്നാൽ ജനന സമയത്ത് ഒരു ഓമന പേരിടുകയും അത് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ ശരിയായ പേര് ചേർക്കുന്നതിന് മാതാപിതാക്കൾ അപേക്ഷിച്ചാൽ, അന്വേഷണം നടത്തി ബോധ്യപ്പെട്ട് രജിസ്ട്രാർക്ക് തന്നെ അത് അനുവദിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മാതാപിതാക്കളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പേര് ചേർത്ത കേസുകളിലും കുട്ടിയെ സ്കൂളിൽ ചേർക്കുന്നതിന് മുൻപായി ഒരു പ്രാവശ്യം തിരുത്തൽ അനുവദിക്കാവുന്നതാണ്.

(ബി) 17-10-2013-ലെ 31512/ആർ.ഡി3/13/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ജനന മരണ രജിസ്ട്രേഷൻ കുട്ടിയുടെ പേര് തിരുത്തുന്നതിനുള്ള നിർദ്ദേശത്തിന്മേൽ കൂടുതൽ വ്യക്തത വരുത്തിക്കൊണ്ട് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. തെറ്റായി വിവരം ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50 രൂപ കോമ്പൗണ്ടിംഗ് ഫീ ഈടാക്കാൻ വ്യവസ്ഥയുള്ള സാഹചര്യത്തിൽ സ്കൂളിൽ ചേർക്കുന്നതിനുമുമ്പ് കുട്ടിയുടെ പേരിൽ തിരുത്തൽ വരുത്തുന്നതിന് മാതാപിതാക്കളുടെ സംയുക്ത അപേക്ഷയോടൊപ്പം വെള്ളപേപ്പറിൽ തെറ്റായി പേര് ചേർക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും, സ്കൂളിൽ ചേർത്ത ശേഷമുള്ള കേസുകളിൽ സ്കൂൾ രേഖയിലെ പോലെ പേര് തിരുത്തുന്നതിന് അപേക്ഷയോടൊപ്പം തെറ്റായി പേരു ചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന 100 രൂപ മുദ്രപത്രത്തിൽ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും മാതാവ്/പിതാവ്/നിയമാനുസൃത രക്ഷകർത്താവ്/മാതാപിതാക്കൾ മരണപ്പെട്ട കേസുകളിൽ വ്യക്തി രജിസ്ട്രാർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

ചേർത്തല മണ്ഡലത്തിലെ വികസനത്തിന് ആസ്തി വികസനഫണ്ടിൽ നിന്നും അനുവദിച്ച തുക കൈമാറുന്നതിലുണ്ടായ കാലതാമസം

275 (3562) ശ്രീ. പി. തിലോത്തമൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർക്ക് 16-9-2014-ൽ D1.1518/2014 നമ്പരായി ആലപ്പുഴ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അയച്ചിരുന്ന ചേർത്തല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽപ്പെട്ട 9 റോഡുകളുടെ പുനരുദ്ധാരണ ജോലികൾക്ക് മണ്ഡലം ആസ്തിവികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് 16-7-2014-ൽ ഭരണാനുമതി ലഭിച്ച ജോലികളുടെ ഫണ്ട് റിക്വസ്റ്റ് ചീഫ് എഞ്ചിനീയർ പാസാക്കാത്തത് എന്തുകാരണത്താലാണെന്ന് പറയാമോ ; പ്രസ്തുത ഫയൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചത് എന്നാണെന്ന് പറയാമോ ;

(ബി) ഈ ഫയൽ ചീഫ് എഞ്ചിനീയർക്ക് ലഭിക്കുമ്പോൾ ഫണ്ട് പൊതുമരാമത്തിന് കൈമാറുന്നത് സംബന്ധിച്ച എന്തെങ്കിലും വിലക്കുകളോ ഉത്തരവുകളോ നിലവിലുണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly